കാലടി ഗ്രാമപഞ്ചായത്ത്

ഫോൺ 9037674181

Email : kaladygpekm@gmail.com


JC3-5442/25 Date.05/06/2025

പ്രേഷകൻ

സെക്രട്ടറി
കാലടി ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ-3
തദ്ദേശ സ്വയംഭരണ വകുപ്പ്
എറണാകുളം

സർ,

വിഷയം:-കാലടി ഗ്രാമപഞ്ചായത്ത് വാർഡ്-14 ശ്രീ.പി.പി ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച്

സൂചന :-1) ബഹു.ഹൈക്കോടതി മുമ്പാകെ നിലവിലുള്ള wp(c) 23299/24 നമ്പർ കേസിന്റെ ജഡ്ജ്മെന്റ്

2) ശ്രീ.പി.പി ജോസ് എന്നയാൾളുടെ 5/10/2023, 26/09/2024 തീയതികളിലെ എ9-5442/23 , എ6-4710/24 നമ്പർ അപേക്ഷകൾ

3) ഈ ഓഫീസിൽ നിന്നും 30/08/2024, 07/10/2024,11/10/2024 തീയതികളിൽ ശ്രീ.പി.പി ജോസ് എന്നയാൾക്ക് നൽകിയ എ9-5442/24 നമ്പർ കത്തുകൾ

4) തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലയിലെ സിറ്റിസൺ അദാലത്ത് ഉപജില്ലാതല അദാലത്ത് സമിതി-3 ന്റെ 23/04/2025 തീയതിയിലെ 1-ാം നമ്പർ തീരുമാനം

സൂചന (2) പ്രകാരം ശ്രീ.ജോസ് പി.പി, പാറേക്കാട്ടിൽ വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 14/264, 265,266,267 കെട്ടിട നമ്പറുകളുടെ ഏരിയയിൽ വ്യത്യാസം കറക്റ്റ് ചെയ്ത് നൽകണമെന്നറിയിച്ച് ഈ ഓഫീസിൽ നൽകിയ അപേക്ഷ പരിശോധിച്ചതിൽ കാലടി ഗ്രാമപഞ്ചായത്തിലെ 2013 ലെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ തയ്യാറാക്കുന്നതിനു മുൻപ് ടിയാന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 14/264, 14/265,14/266, 14/267എന്നി നാല് കെട്ടിട നമ്പറുകൾ ഘടനാപരമായ മാറ്റങ്ങൾ ഉള്ളതിനാൽ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നറിയിച്ച് ഈ ഓഫീസിൽ നിന്നും സൂചന (3) കത്ത് നൽകിയിരുന്നതാണ്. എന്നാൽ 2001-02 ന് മുൻപ് നിലവിലുള്ള കെട്ടിടങ്ങളായതിനാൽ നിലവിലുള്ള ബിൽഡിംഗ് റൂളുകളുമായി പൊരുത്തപ്പെടുന്നില്ലെന്നും സങ്കേതം സോഫ്റ്റ് വെയർ പ്രകാരം അപേക്ഷ സമർപ്പിക്കാൻ സാധിക്കില്ലെന്നും അറിയിച്ച് ടിയാൾ നൽകിയ അപേക്ഷ പരിശോധിച്ച് ആയത് സഞ്ചയ പ്യൂരിഫിക്കേഷൻ വഴി എന്റർ ചെയ്തു നോക്കിയതിൽ 2013-2014 വർഷം മുതലുള്ള വാർഷിക നികുതി അടയ്ക്കേണ്ടതാണെന്ന് അപേക്ഷകനെ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ടി 4 നമ്പർ കെട്ടിടങ്ങൾക്ക് പ്യൂരിഫിക്കേഷനിൽ 2013 മുതൽ പുതുക്കിയ നികുതി നിരക്ക് പ്രകാരം ഭീമമായ തുക നികുതിയായി അടയ്ക്കേണ്ടിവരുമെന്നതിനാൽ, ടി ജോസ് പി.പി ആയതിന് ബുദ്ധിമുട്ടറിയിച്ച സാഹചര്യത്തിൽ ടി പ്യൂരിഫിക്കേഷൻ ഫയൽ താൽക്കാലികമായി ക്ലോസ് ചെയ്യുകയാണുണ്ടായത്. 14/264,265,266,267 എന്നീ കെട്ടിടങ്ങളെ പ്യൂരിഫിക്കേഷൻ മുഖേന വിസ്തീർണ്ണം കൃത്യമാക്കുന്നതിനും 2013-14 മുതൽ വസ്തു നികുതി ഒടുക്കുന്നതിനും അനുമതി നൽകികൊണ്ട് സൂചന (4) തീരുമാനം ലഭ്യമായിട്ടുള്ളതാണ്. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിലോ കെ സ്മാർട്ടിലോ 14/264,265,266,267 കെട്ടിടങ്ങളെ പ്യൂരിഫൈ ചെയ്ത് വിസ്തീർണ്ണം കൃത്യമാക്കുന്നതിനുള്ള പ്യൂരിഫിക്കേഷൻ ഓപ്ഷൻ ലഭ്യമാക്കി നൽകണമെന്ന് അറിയിച്ച് ഈ ഓഫീസിൽ നിന്നും ഐ.കെ.എം. ഡയറക്ടർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും പ്യൂരിഫിക്കേഷൻ ഓപ്ഷൻ ലഭ്യമായിട്ടില്ല.

വിശ്വസ്തതയോടെ,

OFFICE OF THE KALADY GRAMA PANCHAYAT * KALADY-683 574 *

SECRETARY
Kalady Grama Panchayat